ഉത്തരം

(എ) കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി ഈ സർക്കാർ വായ്പയൊന്നും എടുത്തിട്ടില്ല.

(ബി) സർക്കാർ ആവശ്യത്തിന് വേണ്ടി എടുത്ത വായ്പയുടെ വിശദാംശങ്ങൾ ഇനി പറയും പ്രകാരമാണ്. എൽ.ഐ.സി.യിൽ നിന്നുമുള്ള വായ്പയുടെ പലിശ നിരക്ക് 8% മുതൽ 13% വരെയാണ്. ജി.ഐ.സി.യിൽ നിന്നും എടുത്ത വായ്പകളുടെ പലിശ നിരക്ക് 8.5% മുതൽ 13% വരെയും എൻ.സി.ഡി.സി. വായ്പകളുടെ നിരക്ക് 12% മുതൽ 16% വരെയുമാണ്. നബാർഡിൽ നിന്നുമുള്ള വായ്പകളുടെ നിരക്ക് 7.5% മുതൽ 8% വരെയാണ്. നബാർഡിൽ നിന്നും ആർ. ഐ. ഡി. എഫ്. പ്രകാരം എടുക്കുന്ന വായ്പയുടെ പലിശ നിരക്ക് 8.5% മുതൽ 13% വരെയാണ്. ഓരോ പദ്ധതിക്കുമുള്ള പലിശ നിരക്കിൽ വ്യത്യാസം ഉണ്ടാകും. എ.ഡി.ബി. വായ്പയുടെ പലിശ നിരക്ക് 10.5% ആണ്. സർവ്വീസ് ചാർജ്, കൺസൾട്ടേഷൻ ഫീസ് ഇനത്തിൽ സംസ്ഥാനത്തിന് ചെലവൊന്നുമില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടപ്പത്രം വഴി സ്വരൂപിച്ച വികസന വായ്പകൾക്ക് 6.35% മുതൽ 9.56% വരെ പലിശ നൽകുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന വായ്പകൾക്ക് ഓരോ കോടി രൂപയ്ക്കും യഥാക്രമം രൂപ 1000 രൂപ 300 എന്നീ നിരക്കുകളിൽ മാനേജ്മെന്റ് ഫീസ്, സൺട്രി ചാർജ് എന്നിവ റിസർവ്വ് ബാങ്കിന് നൽകി വരുന്നുണ്ട്.

ജീവനക്കാർക്ക് നൽകിയ ക്ഷാമബത്തയും ആനുകൂല്യങ്ങളും

13 (1065) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുൻസർക്കാരിന്റെ കാലത്ത് കുടിശ്ശികയായ എത്ര ഗഡു ക്ഷാമബത്ത ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊടുത്തു തീർത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായി ഉണ്ടായിരുന്ന 4 ഗഡു (11%) ക്ഷാമബത്ത ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുത്തു തീർത്തിട്ടുണ്ട്.

പ്രത്യുൽപ്പാദന മേഖലകളിൽ ചെലവഴിച്ച തുക

14 (1066) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യുൽപ്പാദനപരമായ ഏതെല്ലാം മേഖലകളിൽ എത്ര രൂപ വീതം മുടക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly